## പ്രസിദ്ധീകരണത്തിന്

## കാർഷികയന്ത്രോപകരണ പരിശീലന കേന്ദ്രം

കാർഷികരംഗത്തെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുതിനും ജില്ലയിലെ യുവതീയുവാക്കളെ കൂടുതലായി കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ കീഴിൽ കാർഷികയന്ത്രോപകരണ പരിശീലന കേന്ദ്രം മേലെചൊവ്വയിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)യുടെ കാര്യാലയത്തിൽ ആരംഭിച്ചു. പരിശീലന കേന്ദ്രത്തിൽ ലഭ്യമായ കോഴ്സുകൾ താഴെപറയും പ്രകാരമാണ്.

1. **ട്രാക്ടർ ഓപ്പറേഷൻ & മെയിന്റനൻസ്**

ട്രാക്ടറിലും അനുബന്ധ ഉപകരണങ്ങളിലുമുള്ള വിശദമായ പഠനവും അവ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനവും, കൂടാതെ പൊതുവായ തകരാറുകളെക്കുറിച്ചും റിപ്പയർ സംബന്ധിച്ചുമുള്ള ക്ലാസ്സുകളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 25 പ്രവൃത്തി ദിവസങ്ങളിലായി ക്രമീകരിച്ച ഈ കോഴ്സിൽ ഒരു ബാച്ചിൽ 15 പേരെയാണ് പ്രവേശിപ്പിക്കുക. ട്രാക്ടർലൈസൻസിനുള്ള തുക ഉൾപ്പെടെ . പരിശീലന ഫീസ് 7000 രൂപയാണ്.

2. **ഫാം മെഷിനറി ഓപ്പറേഷൻ & മെയിന്റനൻസ്**

വിവിധ കാർഷിക യന്ത്രങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിനോടൊപ്പം ഞാറു നടീൽയന്ത്രം, കൊയ്ത് മെതിയന്ത്രം, വൈക്കോൽ കെട്ടുന്ന യന്ത്രം, സ്പ്രെയർ, പമ്പ് സെറ്റ്, ടില്ലർ, മുതലായ യന്ത്രങ്ങളിൽ വിദഗ്ദ പരിശീലനം നൽകുന്നതാണ്. യന്ത്രങ്ങളുടെ പൊതുവായ പരിപാലനവും റിപ്പയർ പ്രവൃത്തികളും പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു ബാച്ചിൽ 15 പേരെയാണ് പ്രവേശിപ്പിക്കുക. 20 പ്രവൃത്തി ദിവസങ്ങളിലായുള്ള ഈ കോഴ്സിന്റെ ഫീസ് 5000/- രൂപയാണ്.

മേൽപറഞ്ഞ കോഴ്സുകളിൽ ട്രാക്ടർ ലൈസൻസ് & മെയിന്റനൻസ് കോഴ്സിന്റെ ഒരു ബാച്ച് 2019 ജൂലൈ മാസം ആരംഭിക്കുന്നു. ആയതിനുള്ള അപേക്ഷഫോറം ജില്ലയിലെ എല്ലാ കൃഷിഭവനുകളിലും ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് ഓഫീസുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ നേരിട്ടോ തപാൽ മാർഗ്ഗമോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കാര്യാലയം, മേലെചൊവ്വ, കണ്ണൂർ- 670006 എന്ന മേൽവിലാസത്തിൽ 2019 ജൂൺ 29 നകം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0497-2725229, 9383472050 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

OFFICE OF THE ASSISTANT EXECUTIVE ENGINEER (AGRI) KANNUR Date.............

അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ(കൃഷി)
കണ്ണൂർ

## കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയം, കണ്ണൂർ

കാർഷിക യന്ത്രോപകരണ പരിശീലന കേന്ദ്രത്തിലേക്ക് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ഫോറം

**കോഴ്സ്:- ട്രാക്ടർ ഓപ്പറേഷൻസ് & മെയിന്റനൻസ്**

| | | |
|---|---|---|
| 1. | പേര്<br>മേൽവിലാസം<br>ഫോൺ നം<br>ഇ മെയിൽ | : |
| 2. | സ്ത്രീ/പുരുഷൻ | : |
| 3. | പാടശേഖരസമിതി/കർമ്മസേന/<br>അഗ്രോസർവ്വീസ് സെന്റർ മെമ്പർ ആണോ | :<br>അതെ/അല്ല |
| 4. | മുൻപ് ഈ ഓഫീസിൽ നിന്നും<br>കാർഷികയന്ത്രങ്ങളിൽ പരിശീലനം<br>ലഭിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ഏത് വർഷം | : |
| 5. | തൊഴിൽ | : |
| 6. | വിദ്യാഭ്യാസയോഗ്യത | : SSLC/PlusTwo/ITI/Diploma/Degree/others |
| 7. | വയസ്സ്, ജനനതീയതി | : |
| 8. | കണ്ണൂർ ജില്ലയിൽ സ്ഥിര താമസമാണോ | : |
| 9. | കാർഷിക രംഗത്തെ പ്രവൃത്തി പരിചയം | : വർഷം |
| 10. | ഏതെങ്കിലും വാഹനം<br>ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്<br>ഉണ്ടോ- വിശദവിവരം | : |
| 11. | പരിശീലനം ഏതെങ്കിലും സ്ഥാപനം<br>സ്പോൺസർ ചെയ്യുന്നതാണോ-<br>ആണെങ്കിൽ വിശദവിവരം | : |

<u>സാക്ഷ്യപത്രം</u>

ഞാൻ മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണമാണെന്നും സത്യസന്ധമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി
സ്ഥലം

പേര്
മേൽവിലാസം
ഒപ്പ്

<u>രശീതി</u>

നം:- 

തീയതി :

ശ്രീ/ശ്രീമതി ............................................................................ൽ നിന്നും ട്രാക്ടർ ഓപ്പറേഷൻ & മെയിന്റനൻസ് കോഴ്സിലേക്കുള്ള അപേക്ഷ കൈപ്പറ്റിയിരിക്കുന്നു.

**നിർദ്ദേശങ്ങൾ**

താഴെപറയുന്നവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്

1. പാടശേഖരം/കാർഷിക കർമ്മസേന/അഗ്രോസർവ്വീസ് സെന്റർ അംഗമാണെങ്കിൽ അത് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം.
2. വിദ്യാഭ്യാസ യോഗ്യത തെളയിക്കുന്നതിനായി സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ..
3. ജനന തീയതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ലൈസൻസ് ഉണ്ടെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. സ്പോൺസർ ഉണ്ടെങ്കിൽ സ്പോൺസർ ചെയ്യുന്ന സ്ഥാപനം നൽകുന്ന നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രം.
6. അംഗീകൃത തിരിച്ചറിയിൽ കാർഡിന്റെ പകർപ്പ്.

**സാക്ഷ്യപത്രം**

ട്രാക്ടർ ഓപ്പറേഷൻ & മെയിന്റനൻസ് കോഴ്സിലേക്കപേക്ഷിക്കുന്ന ശ്രീ/ശ്രീമതി..........................................................................................

.................................പാടശേഖര സമിതി/ കാർഷിക കർമ്മസേന/ അഗ്രോസർവ്വീസ് സെന്ററിലെ സജീവാംഗമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സീൽ

സ്ഥലം — ഒപ്പ്

തീയതി — കൃഷി ഓഫീസർ

**സാക്ഷ്യപത്രം**

ട്രാക്ടർ ഓപ്പറേഷൻ & മെയിന്റനൻസ് കോഴ്സിലേക്കപേക്ഷിക്കുന്ന ശ്രീ/ശ്രീമതി.................. ................................ യുടെ പരിശീലനം സംബന്ധിച്ച ചെലവുകൾ ഈ സ്ഥാപനം വഹിക്കുന്നതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്ന.

സീൽ

സ്ഥലം — ഒപ്പ്

തീയതി — സ്ഥാപന മേധാവി